# DIGITAL MAGAZINE 2024

KPMHS KRISHNAPURAM

# കവിത

## ആത്മഗുരു

ഗുരുക്കൾ ഒരു കൂട്ടം  ഉണ്ടെങ്കിലും
സഹപാഠികൾ ആയിരം ഉണ്ടെങ്കിലു
എനിക്കായുള്ള ഒരു ആത്മഗുരു
ആ ഗുരു മാത്രമെൻ ആശ്രയമേ!

മാതാപിതാ ഗുരു ദൈവം എന്ന മഹത്  വചനങ്ങൾ
ഓർക്കാ നാം പുഞ്ചിരിയോടെ ഞാൻ ഗുരുവിൻറെ
ഹിതങ്ങൾ അനുസരിക്കുന്നേ ദേവ


ഞാൻ   മാഴുമ്പോൾ എന്റെ    കിനാവഅറിഞ്
കനിവ് കാണിക്കുമെൻ ആത്മഗുരു
വഴികാട്ടിയായി നേർവഴി കാട്ടിത്തരുമെൻ ആത്മ ഗുരു

ഉള്ളിൽ ദുഃഖം നിറഞ്ഞിട്ടും
എൻ മുൻപിൽ പുഞ്ചിരിക്കും
അഗ്നി പോൽ ക്ഷുഭിക്കുംമെൻ നന്മയ്ക്കായി

സാനിയ മരിയ



**സാനിയ മരിയ**



# ലേഖനം

## വാർദ്ധക്യം ഒരു ശാപമോ?

ജീവിതവളർച്ചയുടെ ഭാഗമായി മനുഷ്യന് സ്വാഭാവികമായി സംഭവിക്കുന്ന ഒരു ജൈവമാറ്റമാണ് വാർദ്ധക്യം എന്നസത്യം പുതുതലമുറ മനസ്സിലാക്കുന്നില്ല. ആധുനിക സൗകര്യത്തിന്റെയും ആഡംബരത്തിന്റെയും പുത്തൻ ലോകത്ത് തിളങ്ങിനിൽക്കുവാൻ ആഗ്രഹിക്കുന്നയൗവ്വനത്തിന് വൃദ്ധമാതാപിതാക്കൾ ഒരു ശല്യമാകുന്നു. മാതാപിതാക്കൾ തന്റെ ജീവൻ മക്കൾക്ക് ബലിയർപ്പിക്കുന്നു. തന്റെജീവിതം തന്നെ അവർ മക്കൾക്ക് സമ്മാനിക്കുന്നു. ഒരലലുമറിയാതെ മക്കളെ വളർത്തുന്നു.ഇത്രയും സ്നേഹം നൽകിയ മാതാപിതാക്കളെ എന്തുകൊണ്ട് യുവജനങ്ങൾ മറന്നുപോകുന്നു. പണ്ടത്തെ സ്നേഹത്തിന്റെ ഒരംശമെങ്കിലുംഅവർക്ക് തിരികെനൽകിക്കൂടെഎന്തുകൊണ്ട് വൃദ്ധ സദനങ്ങൾ പെരുകുന്നു. ഒരുനാൾ യൗവ്വനം തന്നെ വിട്ടുമാറി ,വാർദ്ധക്യം പിടി കൂടും എന്ന സത്യം നാം ഓർക്കണം.സ്വന്തം മാതാപിതാക്കളോട് നാം എന്തുകാട്ടുന്നുവോ നമ്മുടെ മക്കളും അതുതന്നെ പഠിക്കും. മഹത്തായ നാല് പ്രകൃതി സത്യങ്ങളാണ് ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം. ഈ നാലുമില്ലാത്ത ജീവിതം മനുഷ്യന് സാദ്ധ്യമല്ല. ആ തിരിച്ചറിവിലേക്ക് നാം എത്തണം. വൃദ്ധരായമാതാപിതാക്കളെ സ്നേഹിക്കാനുംസംരക്ഷിക്കാനും നമ്മെക്കൊണ്ട് കഴിഞ്ഞില്ല എങ്കിൽ നാം ആർഷഭാരത സംസ്കാരത്തെനിന്ദിക്കുന്നു. എന്നതാണ് സത്യം. മാതാപിതാ ഗുരു ദൈവം എന്ന വചനം നമ്മുടെ ഓർമ്മയിൽ എന്നും ഉണ്ടാകണം. ഞാനെന്ന രണ്ടക്ഷരം അമ്മ എന്ന രണ്ട് അക്ഷരത്തിൽ നിന്ന് ഉളവാകുന്നതാണ്. മാതാപിതാക്കൾ നമുക്ക് കൺകണ്ട ദൈവങ്ങൾ ആയിരിക്കണം. നമ്മളോടൊപ്പം അവർ താമസിക്കണം. മാതാപിതാക്കളെ കരുതണം സ്നേഹിക്കണം. മാതാപിതാക്കൾ നമ്മുടെ ദൈവങ്ങളാണ് എന്ന മഹത്തായ തിരിച്ചറിവ് നമുക്കുണ്ടാവണം. മാതാവിനെയും പിതാവിനെയും വേദനിപ്പിച്ചാൽ

ലഭിക്കുന്ന ശിക്ഷയെപ്പറ്റി ബൈബിളിലിപ്രകാരം പറയുന്നു. "നിൻറെ യഹോവ നിനക്ക് തരുന്ന ദേശത്ത് നീ ദീർഘായുസ്സോടെ ഇരിപ്പാനും നിനക്ക് നന്മ ലഭിപ്പാനും നിൻറെ മാതാപിതാക്കളെ ബഹുമാനിക്കുക". അതെ സ്വർഗ്ഗം ലഭിപ്പാൻ മാതാപിതാക്കളുടെ അനുഗ്രഹം നമുക്ക് ഏറെ ആവശ്യമാണ്. മാതാപിതാക്കളെ സംരക്ഷിക്കാനും ജീവിതസഹല്യം നിറവേറ്റാനും നമുക്ക് പരിശ്രമിക്കാം!

# കവിത

## നീലാകാശ തേര്

ഈ നീലാകാശ തേരിൽ
ജ്വലിച്ചു നിൽക്കും സൂര്യനെ
ഈ നീലാകാശ തേരിലൂടെ കടന്നുപോകും മേഘമേ
നിൻ കണ്ണരായി
പൊഴിയും മഴയേ
എൻ വിളി
കേൾക്കുന്നില്ലയോ
നിൻ തേരിൽ
പാർക്കും മാരിവില്ലേ
നിൻ മനോഹാരിത
ഞാനറിയുന്നു
വാനമേ
സൂര്യനെ ചുവന്ന സന്ധ്യയേ
നീ എങ്ങു പോയി മറയുന്നു
നിലാവൊളി പടർത്തും
ചന്ദ്രനെ
നീ എപ്പോൾ വരുമിവിടെ
വാനത്തിലെ മുല്ല
മൊട്ടുകൾ
പോൽ വിരിയും
താരകങ്ങളെ
പുലരിയിൽ നിങ്ങ
ളെങ്ങു പോയി
മറയുന്നു
എന്തൊരു ഭംഗി
യാണെന്റെ
ആകാശ തേരിലെ കൂട്ടുക്കാരെ
മനോഹാരിത കൊണ്ടു നീ തിളങ്ങുകയാണെന്റെ
ആകാശതേരെ

# കവിത

## പൂനിലാവ്

ചന്തം തിളങ്ങുന്ന ആനനത്തോടെ

എന്നു നീ എൻ മുൻപിൽ എത്തും താഴെ നിലത്ത്

വീഴാതെ

ആരുടെ കൈകളാൽ താങ്ങും

മിന്നിത്തിളങ്ങുന്ന താരങ്ങളൊക്കെ നിന്നുടെ

കൂട്ടുകാരാണോ?

രാത്രി പ്രകാശം നൽകുവാനായി ആര് നിനക്ക്

തുണയായിരുന്നു

മാനം കറുത്തു മഴ ചൊരിഞ്ഞീടുമ്പോൾ,

ഏതു പൊത്തിൽ പോയി നീയൊളിക്കും.

വാനിൽ നിൻ കൂട്ടുകാരരൊക്കെ-

വെൺമുകിലോ,സൂര്യനോ,നക്ഷ-

ത്രമോ

പൂക്കൾ തരാം പൂന്തേൻ തരാം,

ഒന്നു- നീ താഴേക്ക് വന്നാൽ മതി

# കവിത

## മാരി കാർമുകിൽ

മാരി കാർമുകിലിലൂടെ കരയുമെൻ വാനമേ നീ

പോകുന്നതെങ്ങോ  ദൂരെ

പോകുന്നതെങ്ങോ ദൂരെ

പൊയ്യുന്നില്ലയോ

എന്നിലേക്ക് കുളിർ

മഴയായി നീ

പൊഴിയുന്നില്ലയോ

എന്നിലെ കണ്ണീർ

പോലെ നീ

പെയ്തിറങ്ങുന്നില്ലയോ

മുത്തു പോൽ പൊഴിയു

ന്നില്ലയോ എൻ മഴയേ നീ ഇന്നീ പാരിൽ

വാനമേ നിൻ

വെള്ളി മുത്തായ്

പൊഴിയും മഴയീ

പാരിനെ

സ്പർശിക്കും നേര

മെൻ പാര് അതി

സുന്ദരിയായി

മാറിടുന്നുവോ

നന്ദി.........